## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനം. 1609

18.06.2012-ൽ മറുപടിയ്ക്ക്

### പി.എസ്.സി.യിൽ പുതിയ തസ്തികകൾ അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് : | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തി- രിക്കുന്നു. |
| (ബി) പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പി.എസ്.സി. ആവശ്യപ്പെട്ടിരുന്ന പുതിയ തസ്തികകൾ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനു വേണ്ടി- യുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 101 തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് (23.01.2010-ൽ ജി.ഒ(എം.എസ്) 12/2010/ ജി.എ.ഡി.നമ്പർ) ഉത്തരവ് പുറപ്പെടു- വിച്ചിട്ടുണ്ട്. വീണ്ടും അധിക തസ്തിക- കൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പി.എസ്.സി. നൽകിയിട്ടുള്ള നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരി- ക്കാൻ വൈകുന്നത് ശ്രദ്ധയിൽ- പ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) നിലവിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പരമാവധി വേഗത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. എല്ലാ തസ്തികകളുടെ അപേക്ഷകളും ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അയയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തി.

2. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്കു സ്വയം ഡൗൺലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി.

3. അഡ്മിഷൻ ടിക്കറ്റിൽ ഫോട്ടോ ഒട്ടിക്കുന്ന രീതി മതിയാക്കി ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയുടെ സ്കാൻഡ് ഇമേജാക്കി പരിഷ്കരിച്ചു.

4. പി.എസ്.സിയിലെ ഉദ്യോഗസ്ഥരെ കഴിയുന്നത്ര പരീക്ഷാകേന്ദ്രങ്ങളിൽ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു.

5. പരീക്ഷ കഴിഞ്ഞാലുടനെ ഉത്തര സൂചികകൾ പ്രസിദ്ധീകരിക്കുന്നു.

6. ഉദ്യോഗാർത്ഥികളുടെയും വിദഗ്ദ്ധരുടെയും ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിച്ച് പരിശോധന നടത്തിയ ശേഷം അന്തിമ ഉത്തര സൂചിക പ്രസിദ്ധീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു.

7. അപേക്ഷകർക്ക് തങ്ങളുടെ ഒ.എം.ആർ ഉത്തര പത്രിക നിശ്ചിത ഫീസടച്ച് പകർപ്പ് നേടാവുന്നതാണ്.

8. സെക്രട്ടേറിയറ്റ്/പി.എസ്.സി അസിസ്റ്റന്റ്, ബി.ഡി.ഒ തുടങ്ങിയ തസ്തികകൾക്ക് പ്രിലിമിനറി, മെയിൻ എന്നീ പരീക്ഷകൾക്കു ശേഷം ഇന്റർവ്യൂ കൂടി നടത്തി സെലക്ഷൻ പൂർത്തിയാക്കുന്നു.

9. ചില തസ്തികകൾക്ക് 6 മാസത്തിനകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിയുന്നു.

10. ഹാൾടിക്കറ്റുകൾ വെബ്സൈറ്റിൽ ഡൗൺലോഡ് ചെയ്യുന്നതിന് സജ്ജമായാൽ ആ വിവരം മൊബൈൽ നംപർ ലഭ്യമാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികളെ SMS മുഖേന അറിയിക്കാൻ തീരുമാനിച്ചു.

11. വിജ്ഞാപനത്തോടൊപ്പം തന്നെ പരീക്ഷാ കലണ്ടർ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചു.

12. ഓരോ മാസത്തേയും പരീക്ഷാ കലണ്ടർ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നു.

13. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ, ഇന്റർവ്യൂ, എന്നിവയ്ക്ക് ലഭിച്ച മാർക്ക് കൂടി പ്രസിദ്ധീകരിക്കുന്നു.

14. നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ലഭ്യമായ മനുഷ്യ ശേഷി ഉപയോഗിച്ച് നിയമനത്തിനായുള്ള തെരഞ്ഞെടുപ്പ് നടപടികൾ ത്വരിത

ഗതിയിലാക്കുന്നുണ്ട്. എല്ലാ ജീവനക്കാരെയും കമ്പ്യൂട്ടർ savvy ആക്കുന്നതിന്റെ ഭാഗമായി C-DAC -ന്റെ മേൽ നോട്ടത്തിലുള്ള IT Enabled Computer Training പി.എസ്.സി. ഓഫീസിനുള്ളിൽതന്നെ നടത്തി വരുന്നു. ഒഴിവുകൾ റിപ്പോർട്ടു ചെയ്താൽ എത്രയും വേഗം യോഗ്യരായ ഉദ്യോഗാർത്ഥികളെ നൽകുന്നതിന് റാങ്ക് ലിസ്റ്റുകൾ പരമാവധി വേഗത്തിൽ തയ്യാറാക്കി നിയമന ശിപാർശ നൽകുന്നുണ്ട്. വിവരണാത്മക പരീക്ഷകൾ പരമാവധി കുറച്ച് ഒ.എം.ആർ മൂല്യ നിർണ്ണയ രീതിയിലുള്ള പരീക്ഷകളാണ് കൂടുതൽ തസ്തികകൾക്കും നടത്തുന്നത്.

16. വ്യാജൻമാർ കടന്നുകൂടാതിരിക്കാൻ താഴെപറയുന്ന നടപടികൾ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.

1. ഫോട്ടോ പതിച്ച് ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ, കായിക ക്ഷമതാ പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ.

2. Electronic gadgets, പരീക്ഷ നടക്കുന്ന കാമ്പസുകളിൽ കർശനമായി നിരോധിച്ചു. ഈ തീരുമാനത്തിനു വിപരീതമായി ആരെങ്കിലും ക്രമക്കേടുകൾ നടത്തിയാൽ പി.എസ്.സി. പരീക്ഷകളിൽ നിന്നും ആജീവനാന്ത വിലക്ക് ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ നൽകുന്നതാണ്.

3. നിയമനാധികാരികൾക്ക് നിയമന ശിപാർശാ ലിസ്റ്റ് നൽകുമ്പോൾ പി.എസ്.സി.യുടെ ലോഗോ പതിച്ചിരിക്കും. ടി ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന വിവരം അക്കത്തിലും അക്ഷരത്തിലും ചുമപ്പു മഷി കൊണ്ട് രേഖപ്പെടുത്തുന്നതാണ്. ടി ലിസ്റ്റിന്റെ ആമുഖ പേജിൽ പരമാവധി രണ്ട് ഉദ്യോഗാർത്ഥികളുടെയും തുടർന്നുള്ള പേജുകളിൽ പരമാവധി 6 ഉദ്യോഗാർത്ഥികളുടെയും പേര്, അഡ്രസ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിക്കുകയും എല്ലാ പേജുകളിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യും. സെക്യൂരിറ്റി മെഷേഴ്സ് കൂടി ഉൾക്കൊള്ളിച്ച് പ്രിന്റഡ് അഡ്വൈസ് ലെറ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമനത്തിനായി ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലുള്ള ഫോട്ടോയിൽ പി.എസ്.സി.-യിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും സീലും പതിച്ചിരിക്കും.

4. പുതുതായി നിയമിക്കുന്ന എല്ലാ ജീവനക്കാർക്കും ആദ്യ ശമ്പളം അനുവദിക്കുന്നതിനു മുമ്പ് പി.എസ്.സി.യുടെ ഒരു വെരിഫിക്കേഷൻ കൂടി ഉണ്ടായിരിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിനു മുന്നോടിയായി പി.എസ്.സി.യുടെ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

5. വനിതകളും വികലാംഗരുമായ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽത്തന്നെ പരമാവധി പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നതാണ്.

6. പി.എസ്.സി.യുമായി ബന്ധപ്പെട്ട എല്ലാ വിവരവും ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി പി.എസ്.സി.യുടെ ആസ്ഥാന ഓഫീസിൽ കോൾ സെന്റർ നിലവിൽ വന്നു. അന്വേഷണ വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ നിയമന ശിപാർശ ചെയ്യുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ 15 ദിവസത്തിനകം നിയമന ശിപാർശ നൽകാൻ തീരുമാനിച്ചു. ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ 30 ദിവസത്തിനകം വിജ്ഞാപനം പുറപ്പെടുവിക്കാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

7. ഓരോ മാസവും ജില്ലാ മേഖലാ ഓഫീസുകളുടെ ചുമതലയുള്ള കമ്മീഷൻ അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ഉദ്യോഗാർത്ഥികളുടെ പരാതികൾ പരിഹരിക്കാനുള്ള അവസരം ഒരുക്കാനും കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

8. ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പരീക്ഷകൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് പരീക്ഷ 2012 ജൂലൈ മുതൽ ഒ.എം.ആർ പരീക്ഷയായി നടത്താൻ തീരുമാനിച്ചു.

9. തസ്തികകൾക്ക് അപേക്ഷകൾ അയയ്ക്കുന്നതിന് സഹായകരമാക്കുന്നതിന് അപേക്ഷകർക്ക് അവരുടെ ബയോഡാറ്റയുടെ ഒറ്റത്തവണ രജിസ്ട്രേഷൻ ജനുവരി 2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

10. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച ഉടനെ അക്കാര്യം ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷനെ അറിയിക്കുകയും,പി.എസ്.സി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു വർഷമാകുമ്പോൾ ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച് വകുപ്പ് അദ്ധ്യക്ഷൻമാരെ ഓർമ്മപ്പെടുത്താനും ലിസ്റ്റിന്റെ കാലാവധി തീരുന്നതുവരെ തുടർന്നും ഓരോ വർഷവും ഓർമ്മപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റിപ്പോർട്ടു ചെയ്യപ്പെട്ട വേക്കൻസികളുടെ എണ്ണം കുറയ്ക്കാനോ, റദ്ദു ചെയ്യാനോ സാധിക്കില്ല എന്ന വിവരം ഓർമ്മപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

11. പരീക്ഷാ സമ്പ്രദായത്തിൽ സമൂലമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ കമ്മീഷൻ നയപരമായി തീരുമാനിച്ചു. പി.എസ്.സി. പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന്റെ ആദ്യ ഘട്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.